## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1432 — 04.02.2019-ൽ മറുപടിക്ക്

### പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മോട്ടോർ ഘടിപ്പിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതിയും ടി പദ്ധതിയ്ക്കായി 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉണ്ട് (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു) |
| (സി) | ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന കമ്പനി ഏതാണെന്നും ഈ പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നത് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ്. ടി പദ്ധതിയ്ക്കായി 1 കോടി രൂപയാണ് 2018-19 സാമ്പത്തിക വർഷം നീക്കി വച്ചിട്ടുള്ളത്. |

Shaibs

സെക്ഷൻ ഓഫീസർ

## മത്സ്യബന്ധന യാനങ്ങൾക്കുള്ള (മോട്ടോറൈസ്ഡ്) അപകട ഇൻഷുറൻസ് പദ്ധതി

### മത്സ്യബന്ധന യാനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. യന്ത്രവൽകൃത ബോട്ടുകൾ ഈ പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. മോട്ടോർ ഘടിപ്പിച്ച് കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന സംസ്ഥാനത്തെ പരമ്പരാഗത യാനങ്ങളുടെ ഇൻഷുറൻസാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2012 ജനുവരി മുതൽ രജിസ്റ്റർ ചെയ്ത യാനങ്ങൾ ആയിരിക്കണം.

2. മത്സ്യബന്ധന യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം.

3. കെ.എം.എഫ്.ആർ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുവർത്തിച്ചുള്ള മത്സ്യബന്ധന യാനമായിരിക്കേണ്ടതും, ആയത് പ്രകാരമുള്ള മത്സ്യബന്ധന വലയും മറ്റ് ഉപകരണങ്ങളും മാത്രം ഉപയോഗിക്കുന്നതും ആയിരിക്കേണ്ടതാണ്.

4. Colour Code ആദ്യ വർഷം നിർബന്ധമാക്കേണ്ടതില്ല.

5. യാനത്തിന്റെ ഉടമസ്ഥൻ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നിലവിലുള്ള ആൾ ആയിരിക്കണം.

6. ദേശ വിരുദ്ധ പ്രവർത്തനത്തിന് ഉപയോഗിച്ചതായി റിപ്പോർട്ടോ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമോ, കോടതി വ്യവഹാരമോ, ജപ്തി നടപടികളോ ഉള്ള യാനങ്ങൾ പരിഗണിക്കേണ്ടതില്ല.

7. യാനം പ്രവർത്തിപ്പിക്കുന്നത് കേരള തീരത്തുള്ള ലാൻഡിംഗ് സെന്റർ/ഹാർബർ കേന്ദ്രീകരിച്ചായിരിക്കണം.

8. ഒരു മത്സ്യത്തൊഴിലാളിയുടെ പരമാവധി രണ്ട് യാനം മാത്രം ആനുകൂല്യത്തിന് തെരഞ്ഞെടുത്താൽ മതിയാകും.

9. 2017 ലെ ഓഖി, മറ്റ് കടൽ ക്ഷോഭങ്ങൾ എന്നിവയിൽപ്പെട്ട് പുനരുപയോഗിക്കാൻ കഴിയാത്ത വിധം നശിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള യാനങ്ങൾ, VISL പദ്ധതി പ്രകാരം compensation നൽകിയ യാനങ്ങൾ എന്നിവ പരിഗണിക്കേണ്ടതില്ല.

10. പ്രീമിയം തുകയുടെ 10% ഗുണഭോക്തൃ വിഹിതമായിരിക്കും.

11. ഇൻഷ്വറൻസ് പരിരക്ഷ ഒരു വർഷത്തേക്കായിരിക്കും.

12. ആദ്യം അപേക്ഷിക്കുന്ന യോഗ്യരായ ഉടമകളായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ.

13. നിശ്ചിത തീയ്യതിക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകളിൽ അർഹതയുള്ളവരുടെ എണ്ണം കൂടുതലാകുകയും ഭരണാനുമതി ലഭിച്ച തുക മതിയാകാതെ വരികയും ചെയ്താൽ കുറഞ്ഞ OAL ഉള്ള യാനങ്ങൾക്ക് മുൻഗണന നല്കി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും (15MOAL വരെയുള്ളവയ്ക്ക്).

Sheeba
സെക്ഷൻ ഓഫീസർ